"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- 92-ാമത് ശിവഗിരി തീർത്ഥാടനം- ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.37/2025/TSM തീയതി,തിരുവനന്തപുരം, 24-01-2025

പരാമർശം:-
1. ശ്രീ നാരായണ ധർമ്മ സംഘം ട്രസ്റ്റ് തീർത്ഥാടന കമ്മിറ്റി സെക്രട്ടറിയുടെ 23.10.2024 തീയതിയിലെ SM/SNDST/316/24-25 നമ്പർ കത്ത് .
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 30.12.2024 തീയതിയിലെ DOT/9478/ 2023-M1 നമ്പർ കത്ത്.

**ഉത്തരവ്**

92-ാമത് ശിവഗിരി തീർത്ഥാടന നടത്തിപ്പിലേയ്ക്ക് ധനസഹായം അനുവദിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ നാരായണ ധർമ്മ സംഘം ട്രസ്റ്റ് തീർത്ഥാടന കമ്മിറ്റി സെക്രട്ടറി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് 2024 ഡിസംബർ 30,31,2025 ജനുവരി 1 എന്നീ തീയതികളിലായി സംഘടിപ്പിച്ച 92-ാമത് ശിവഗിരി തീർത്ഥാടന നടത്തിപ്പിന്, **3452-80-104-99-00-00-01- പിവി - വിവിധ ഉത്സവങ്ങളുടെയും സാംസ്കാരികപരിപാടികളുടെയും പരിപോഷണം** എന്ന ശീർഷകത്തിൽ നിന്നും **10,00,000/-രൂപ (പത്ത് ലക്ഷം രൂപ മാത്രം)** ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം ശ്രീ

നാരായണ ധർമ്മ സംഘം ട്രസ്റ്റ് തീർത്ഥാടന കമ്മിറ്റി സെക്രട്ടറി വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പു വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.
തീർത്ഥാടന കമ്മിറ്റി സെക്രട്ടറി, ശ്രീ നാരായണ ധർമ്മ സംഘം ട്രസ്റ്റ്, (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II) കേരള, തിരുവനന്തപൂരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 24-01-2025 17:32:04
സെക്ഷൻ ഓഫീസർ

പകർപ്പ്.-
1. ബഹു. വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
3. വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്